**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ ധനകാര്യ മേഖലയിൽ നൂതന അവസരങ്ങൾ വരുമ്പോൾത്തന്നെ അത് ഉയർത്തുന്ന വെല്ലുവിളികളും അപകടങ്ങളും ഉപഭോക്തൃകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡിജിറ്റൽ പണമിടപാടുമായി ബന്ധപ്പെട്ട ചതിക്കുഴികൾ മുന്നിൽക്കണ്ട് കരുതലോടെ നീങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. എന്നാൽ ഇതു സംബന്ധിച്ച പരാതികൾ ഒന്നും വകുപ്പിൽ രേഖാമൂലം ലഭിച്ചിട്ടില്ല. എന്നാൽ ഡിജിറ്റൽ പണമിടപാടുമായി ബന്ധപ്പെട്ട ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡിജിറ്റൽ പണമിടപാട് നടത്തുന്ന ക്രയവിക്രയങ്ങളിൽ ലീഗൽ മെട്രോളജി നിയമങ്ങളുടേയും അനുബന്ധ ചട്ടങ്ങളുടേയും ലംഘനമുണ്ടായതായി (അമിത വില ഈടാക്കുക, അളവിലും തൂക്കത്തിലും കുറച്ച് വിൽപ്പന നടത്തുക) പരാതി ലഭിക്കുന്ന കേസുകളിൽ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളുടെ ബിൽ, ഉപയോഗിക്കുന്ന അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത എന്നിവ പരിശോധിക്കുന്നതിനു വേണ്ടി ഓപ്പറേഷൻ ജാഗ്രത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2022 വർഷം മുതൽ 2024 വർഷം വരെ ഓപ്പറേഷൻ ജാഗ്രത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 1,24,70,000/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | പെട്രോൾ ഡീസൽ വിതരണ പമ്പുകളിലെ ഇന്ധനത്തിന്റെ അളവിലെ കൃത്യത, പമ്പിലെ ഉപകരണങ്ങളിൽ മുദ്രപതിപ്പിക്കൽ എന്നിവ പരിശോധിക്കുന്നതിനായി ഓപ്പറേഷൻ ക്ഷമത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2022 വർഷം മുതൽ 2024 വർഷം വരെ ഓപ്പറേഷൻ ക്ഷമത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 1,66,507/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഡി) | റേഷൻ കടകളുടെ പരിശോധന ഓൺലൈനായി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | റേഷൻ കടകളിൽ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷിനിൽ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന റേഷൻ കടകളുടെ പരിശോധന ഓൺലൈനായി നടപ്പിലാക്കുന്നുണ്ട്. കൂടാതെ പരിശോധന മൊബൈൽ ആപ്ലിക്കേഷൻ വഴി നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ വകുപ്പിൽ നിന്നും കേന്ദ്ര NIC -യ്ക്ക് നൽകിയിട്ടുണ്ട്. മേൽ പ്രൊപ്പോസൽ പരിഗണിച്ച് 'മേരാ റേഷൻ ആപ്പ്' എന്ന ആപ്ലിക്കേഷന്റെ ഭാഗമായി അത് |

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുന്നതിനുള്ള നടപടികൾ NIC സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## ഓപ്പറേഷൻ ജാഗ്രത

| ക്രമ നം. | വർഷം | പരിശോധന | കേസ്/ ന്യൂനത | രാജിഫീസ് |
|---|---|---|---|---|
| 1 | 2022 | 52012 | 4201 (ന്യൂനത കണ്ടെത്തിയത്) | കേസ് രജിസ്റ്റർ ചെയ്തിട്ടില്ല |
| 2 | 2023 | 28173 | 4783 | 6471000 |
| 3 | 2024 | 20636 | 2026 | 5999000 |
| | **ആകെ** | **100821** | **11010 (4201 ന്യൂനത, 6809 കേസ്)** | **1,24,70,000/-** |

**അനുബന്ധം-2**

## ഓപ്പറേഷൻ ക്ഷമത

| ക്രമ നം. | വർഷം | പരിശോധന | കേസ്/ ന്യൂനത | രാജിഫീസ് |
|---|---|---|---|---|
| 1 | 2022 | 1159 | 111 (ന്യൂനത കണ്ടെത്തിയത്) | കേസ് രജിസ്റ്റർ ചെയ്തിട്ടില്ല |
| 2 | 2023 | 1081 | 53 | 93000 |
| 3 | 2024 | 1000 | 27 | 73507 |
| | **ആകെ** | **3240** | **191 (111 ന്യൂനത, 80 കേസ്)** | **1,66,507/-** |